
കോ–ഓർഡിനേഷൻ കമ്മിറ്റി
# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 01/2022 28.01.2022

# സഖാവ് ഗണേശൻ പുത്തലത്ത് വിരമിക്കുന്നു



സഖാക്കളെ,

കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ മുൻ പ്രസിഡണ്ട് സ.ഗണേശൻ പുത്തലത്ത് 2022 ജനുവരി 31ന് സർവീസിൽ നിന്നും വിരമിക്കുകയാണ്. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി എന്നീ നിലകളിലും സഖാവ് ഗണേശൻ പ്രവർത്തിച്ചിരുന്നു. സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. SMGB EU/OF വനിതാ സബ് കമ്മറ്റി ആദ്യമായി രൂപീകരിക്കുന്നത് സ.ഗണേശൻ ജനറൽ സെക്രട്ടറി ആയിരുന്ന കാലത്താണ്.

1985 ജനുവരി രണ്ടിന് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ മമ്പാട് ശാഖയിലാണ് സ.ഗണേശൻ പുത്തലത്ത് ജോലിയിൽ പ്രവേശിച്ചത്. പിന്നീട് ബാങ്കിന്റെ കലിക്കറ്റ് സിറ്റി, പെരുവയൽ, മണ്ണൂർ ശാഖകളിൽ ജോലി ചെയ്തു. മണ്ണൂർ ശാഖയിൽ ഒരു മാസം ജോലി ചെയ്തപ്പോഴേക്കും സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെ ജനറൽ സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ടതിനാൽ സ്വാഭാവികമായും ഹെഡ് ഓഫീസിലേക്ക് ട്രാൻസ്ഫർ ആയി. അതിന് ശേഷം അഴിഞ്ഞിലം ശാഖയിൽ ജോലി ചെയ്തു. അവിടെ നിന്നും ബാങ്കിന്റെ ഡിഫിക്കൽറ്റ് ഏരിയാ ബ്രാഞ്ച് ആയ മരഞ്ചാട്ടി ശാഖയിലേക്ക് ഓപ്ഷൻ ചോദിച്ച് ട്രാൻസ്ഫർ ആയി. പിന്നീട് കുന്ദമംഗലം അതിന് ശേഷം ഹെഡ് ഓഫീസ്, പെരുവയൽ, ഹെഡ് ഓഫീസ് എന്നിവിടങ്ങളിൽ ജോലി ചെയ്തതിന് ശേഷം കല്ലായി ശാഖയിൽ നിന്നാണ് വിരമിക്കുന്നത്.

ക്ലർക്ക് ആയി ജോലിയിൽ പ്രവേശിച്ച ഗണേശൻ പ്രമോഷൻ സ്വീകരിച്ചിട്ടില്ല.

അഗാധമായ അറിവും കൃത്യമായ തൊഴിലാളി വർഗ വീക്ഷണവും ഉള്ള വ്യക്തിയാണ് സഖാവ് പുത്തലത്ത്. സാഹിത്യം, സിനിമ, യാത്രകൾ, ട്രെക്കിംഗ് എന്നിവയിലെല്ലാം വലിയ താൽപര്യത്തോട് കൂടി അദ്ദേഹം ഇടപെട്ടിരുന്നു. സമൂഹത്തിൽ നടമാടുന്ന അനീതികളോട് കലഹിക്കണം എന്ന വിശ്വാസം ഉയർത്തിപ്പിടിച്ച നേതാവാണ് ഗണേശൻ. ഒരു നഗരത്തിൽ ഒരു അനീതി ഉണ്ടായാൽ അവിടെ ഒരു കലാപമുണ്ടാവണം. ഇല്ലെങ്കിൽ സന്ധ്യ മയങ്ങും മുമ്പ് ആ നഗരം കത്തിച്ചാമ്പലാവുന്നതാണ് നല്ലത് എന്ന ബ്രെഹ്തിന്റെ ചിന്തകളാണ് സഖാവ് ഗണേശനെ നയിക്കുന്നത്. എഴുപതുകളിലും എൺപതുകളുടെ തുടക്കത്തിലും സജീവമായിരുന്ന നക്സൽ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന ജനകീയ സാംസ്കാരിക വേദിയുടെ പ്രവർത്തനത്തിൽ 1980 മുതൽ 1983 വരെ സഖാവ് ഗണേശൻ സജീവമായിരുന്നു. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for economic and social studies ൽ നിന്നും കേരളത്തിലെ ഇസ്ലാമിക തീവ്രവാദത്തിന്റെ വളർച്ച എന്ന വിഷയത്തിൽ ഒരു ഗവേഷണം നടത്തിയിരുന്നു. ബാങ്കിൽ നിന്നും തുടർച്ചയായി വിട്ടു നിൽകേണ്ട സാഹചര്യം സംജാതമാകും എന്നതിനാൽ അത് മുഴുമിപ്പിക്കാൻ കഴിഞ്ഞില്ല.

ജീവനക്കാരുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും വരുന്ന ഉത്തരവുകൾ സൂക്ഷ്മമായി പരിശോധിക്കാനും പഠിക്കാനും സഖാവ് ഗണേശന് ഒരു പ്രത്യേക വൈദഗ്ദ്യം ഉണ്ടായിരുന്നു. മാനേജ്മെന്റുമായി നടക്കുന്ന ചർച്ചകളിൽ തന്റെ അറിവ് ഫലപ്രദമായി ഉപയോഗിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

വർഗ വിഭജിതമായ ഈ സമൂഹത്തിൽ വിട്ടു വീഴ്ചയില്ലാതെ തൊഴിലാളി വർഗ പക്ഷത്ത് നിലയുറപ്പിക്കുക എന്നത് ഒരു വിപ്ലവ പ്രവർത്തനമാണ്. തുല്യ ജോലിക്ക് തുല്യ വേതനം നേടിയെടുത്തതിന് ശേഷം വന്ന ആദ്യത്തെ ഉഭയകക്ഷി കരാർ ആയ ആറാം കരാർ നിഷേധിക്കപ്പെട്ടപ്പോൾ അതിനെതിരായ ഐതിഹാസികമായ സമരം നടന്ന ബാങ്കാണ് സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്. 23 ദിവസം നീണ്ടു നിന്ന അനിശ്ചിത കാല സമരത്തിന്റെ ഒത്ത് തീർപ്പ് മാനേജ്മെന്റ് ലംഘിച്ചതിനെ തുടർന്ന് സംഘടനാ നേതാക്കൾ നിരാഹാര സമരം ആരംഭിച്ചു. AIRRBEA ജോയിന്റ് സെക്രട്ടറി സ.എൻ സുരേഷും അന്നത്തെ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി സ.സി.രാജീവനുമായിരുന്നു നിരാഹാരം അനുഷ്ഠിച്ചത്. ഇവരുടെ ആരോഗ്യസ്ഥിതി വഷളായപ്പോൾ പോലീസ് അറസ്റ്റ് ചെയ്ത് അവരെ ആശുപത്രിയിലാക്കി. പിന്നീട് നിരാഹാരം തുടർന്നത് സ. ഗണേശൻ, സ.സി.ജി. ജയൻ എന്നിവരായിരുന്നു.

ഈയടുത്ത് നമ്മുടെ ബാങ്കിൽ പുതുതായി നടപ്പിലാക്കിയ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി, ട്രാൻസ്ഫർ പോളിസി പോലുള്ള കാര്യങ്ങളിൽ, ജീവനക്കാർക്ക് പരമാവധി പ്രയോജനം ലഭിക്കാൻ ഉതകുന്ന വിധത്തിൽ ഉള്ള ഇടപെടലുകൾ ആണ് നമ്മുടെ സംഘടന നടത്തിയത്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ആ കാലഘട്ടത്തിൽ ഹെഡ് ഓഫീസിൽ ജോലി ചെയ്തിരുന്ന സ. ഗണേശൻ പുത്തലത്തിന്റെ കൂടി നേതൃത്വത്തിലാണ്.

സംഘടനയിലെ രണ്ടാം തലമുറ നേതൃത്വവും വിരമിക്കുവാൻ തുടങ്ങുകയാണ്. ഗ്രാമീണ ബാങ്ക് ജീവനക്കാർ അനുഭവിക്കുന്ന എല്ലാ നേട്ടങ്ങളും പോരാട്ടത്തിന്റെ ഉൽപന്നങ്ങളാണ്. തീക്ഷ്ണമായ പോരാട്ടങ്ങൾക്ക് അർത്ഥപൂർണമായ നേതൃത്വം നൽകിയ സ. ഗണേശൻ പുത്തലത്ത് വിരമിക്കുമ്പോൾ ഉചിതമായ ഒരു യാത്രയയപ്പ് പരിപാടി നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ ദുരിതകാലം വളരെ വേഗം അതിജീവിക്കും എന്നാണ് നാം പ്രതീക്ഷിക്കുന്നത്. സംഘടനയുടെ മറ്റൊരു ഉന്നത നേതാവായ സ.കെ.പ്രകാശൻ മാർച്ച് മാസത്തിൽ വിരമിക്കുകയാണ്. ഈ രണ്ട് സഖാക്കളുടേയും യാത്രയയപ്പുമായി ബന്ധപ്പെട്ട പരിപാടി ആ സമയത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

ബാങ്കിന്റെ സർവ്വീസിൽ നിന്ന് വിരമിച്ചാലും സ. ഗണേശൻ സംഘടനാ പ്രവർത്തനത്തിൽ തുടരും.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184

കേരളത്തിലെ രണ്ട് ഗ്രാമീണ ബാങ്കുകളും സംയോജിച്ച പശ്ചാത്തലത്തിൽ, കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി കേരള ഗ്രാമീൺ ബാങ്ക് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിയിൽ ലയിക്കാൻ സംഘത്തിന്റെ പൊതുയോഗം തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനം സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ 13.12.2021 ലെ സി.പി. (5) 5525/2020 നമ്പർ ഉത്തരവനുസരിച്ച് അംഗീകരിക്കപ്പെട്ടിരിക്കയാണ്. ആയതിനാൽ ഈ തീയ്യതി മുതൽ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം അവസാനിച്ച വിവരം ബന്ധപ്പെട്ട എല്ലാവരേയും അറിയിക്കുന്നു. ലയനവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സഹകരണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**മേൽ പശ്ചാത്തലത്തിൽ 30 – 01 – 2022 ഞായറാഴ്ച കോഴിക്കോട് സരോജ് ഭവനിൽ വെച്ച് നടത്താൻ തീരുമാനിച്ചിരുന്ന വാർഷിക പൊതുയോഗം ഉണ്ടായിരിക്കുന്നതല്ലെന്ന് അറിയിക്കുന്നു.**

karline29.deviantart